

# യേശുവിന്റെ ജ്ഞാനസ്നാനം

പുറ. 15:22 – 26; ഏശ. 44:21 – 28; ഏഫേ. 1:15 – 23; മർക്കോ. 1:7 – 11 (Vol. 9, Issue 44)

ബ്ര. ജോസഫ് കൊല്ലംപറമ്പിൽ MCBS

ആരാധനാക്രമവത്സരത്തിൽ ഈശോയുടെ പ്രത്യക്ഷീകരണത്തിന്റെ അനുസ്മരണമായ ദനഹാക്കാലത്തിലെ 8-ാം ആഴ്ചയിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്കും വിചിന്തനത്തിനുമായി തിരുസഭ നൽകിയിരിക്കുന്ന വചനഭാഗം, മർക്കോസ് 1:7-11 വാക്യങ്ങളിൽ വിവരിക്കുന്ന യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിക്കുന്ന ക്രിസ്തുവിനെപ്പറ്റിയാണ്. പരിശുദ്ധ ത്രിത്വത്തിലെ പിതാവും പരിശുദ്ധാത്മാവും ഈശോയെ വെളിപ്പെടുത്തുന്ന അതിമനോഹരമായ കാഴ്ചയും വചനഭാഗം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

പുറപ്പാട് പുസ്തകം 15:22-26 വാക്യങ്ങളിൽ ഈജിപ്തിലെ ഫറവോയുടെ അടിമത്തത്തിൽ നിന്നും മോചിതരാകുന്ന ഇസ്രായേൽ ജനത, മോശയുടെ നേതൃത്വത്തിൽ മരുഭൂമിയിലൂടെ കടക്കുമ്പോൾ ദാഹാർദ്രരായിത്തീരുന്നു. കുടിക്കാൻ വെള്ളം കിട്ടാതെ വരുമ്പോൾ, അതുവരെ തങ്ങളുടെ ജീവിതത്തിൽ ഇടപെട്ട ദൈവത്തെയും അവിടുത്തെ പരിപാലനയെയും മറന്നുകൊണ്ട് അവർ പ്രതികരിക്കുന്നു. മാറായിലെ കയ്പ്പുള്ള വെള്ളം, ദൈവത്തിനെതിരായി തിരിയാൻ അവരെ പ്രേരിപ്പിക്കുന്നു. റൂത്ത് 1:20-ൽ വായിക്കുന്നത്, നവോമി റൂത്തിനോട് പറയുന്ന ഒരു കാര്യമാണ്. "എന്നെ നവോമി എന്നല്ല മാറാ എന്നാണ് വിളിക്കേണ്ടത്." സർവ്വശക്തൻ എന്നോട് വളരെ കഠിനമായിട്ടാണ് പ്രവർത്തിച്ചത്. സന്തുഷ്ട എന്നർത്ഥമുള്ള നവോമിയുടെ ജീവിതത്തിലേയ്ക്ക് കയ്പു നിറഞ്ഞ മാറാ അനുഭവം കടന്നുവന്നു. ഈ മാറാ അനുഭവങ്ങൾ നമ്മുടെ ജീവിതത്തിലുമുണ്ടാവാം. എന്നാൽ, ആ സമയം ദൈവത്തിനെതിരായി പിറുപിറുക്കുകയല്ല വേണ്ടത്. മറിച്ച്, ദൈവം മോശയ്ക്ക് കാണിച്ചുകൊടുത്ത മറുമരുന്ന് ഒരു തടിക്കഷണമായിരുന്നു. വെള്ളം മധുരിപ്പിക്കുന്ന തടിക്കഷണം. അത് വിശുദ്ധ കുരിശാണ്. അതിൽ ആശ്രയിക്കുകയാണ് വേണ്ടത്. സുവിശേഷത്തിൽ അനുതാപത്തിന്റെ സ്നാനം സ്വീകരിക്കുവാൻ തന്റെ അടുത്തേയ്ക്ക് വന്ന ജനത്തിന് സ്നാപകൻ കാട്ടിക്കൊടുക്കുന്നത് മനുഷ്യരുടെ ജീവിതത്തിലേയ്ക്ക് മധുരമായി കുരിശിൽ ജീവൻ അർപ്പിക്കാൻ വന്ന ക്രിസ്തുവിനെയാണ്.

ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നുള്ള രണ്ടാം വായനയിലും ഇതിനു സമാനമായ ആശയമാണ് പറഞ്ഞുവയ്ക്കുന്നത്. വാഗ്ദാനങ്ങൾ നിറവേറ്റുമെന്നും ജനത്തിന് പ്രതീക്ഷയും ആശ്വാസവും പകരുമെന്നും പറയുന്നതിനോടൊപ്പം തന്നെ പ്രവാചകൻ അവരോട്, അനുതപിച്ച് ദൈവത്തിലേയ്ക്ക് തിരിയുവാനും ആവശ്യപ്പെടുന്നു. എഫേസോസുകാർക്കുള്ള ലേഖനത്തിൽ പൗലോസ്ശ്ലീഹാ, അവരുടെ ക്രിസ്തുവിലുള്ള

വിശ്വാസവും പരസ്പര സ്നേഹവും പ്രകീർത്തിച്ചു കൊണ്ട് നടത്തുന്ന കൃതജ്ഞതയുടെ ഒരു പ്രാർത്ഥനയാണ് നാം ദർശിക്കുക. അവസാനം എല്ലാത്തിന്റെയും കേന്ദ്രമായ ക്രിസ്തുവിലേയ്ക്ക് സ്നാപകൻ വിരൽചൂണ്ടുന്നു.

ഇന്നത്തെ സുവിശേഷം നമ്മുടെ മുമ്പിൽ ഈശോയുടെ മാമ്മോദീസായെ അവതരിപ്പിക്കുമ്പോൾ, എല്ലാ മാമ്മോദീസായിലും സംഭവിക്കുന്ന മൂന്ന് കാര്യങ്ങൾ നമുക്കിവിടെ കാണുവാൻ സാധിക്കും. ആദ്യമായി പിതാവ് നമ്മെ തന്റെ ദത്തുപുത്രരായി സ്വീകരിക്കുന്നു. രണ്ടാമത് പുത്രൻ നമ്മെ തന്നോട് ഐക്യപ്പെടുത്തുന്നു. മൂന്നാമതായി ആത്മാവ് നമ്മിൽ ആവസിക്കുന്നു. നാം ചിലപ്പോൾ അറിയുകയോ അനുഭവിക്കുകയോ ചെയ്യുന്നില്ലെങ്കിലും ഓരോ മാമ്മോദീസായിലും സംഭവിക്കുന്ന കാര്യമാണിത്. എന്നാൽ, ഈ അനുഭവം സ്വന്തമാക്കാൻ സാധിച്ച ഒരു വ്യക്തിയായിരുന്നു വി. അഗസ്തീനോസ്. എ.ഡി. 378-ലെ ഈസ്റ്റർ ദിനത്തിൽ (ഏപ്രിൽ 25) വി. അംബ്രോസിൽ നിന്നും സ്നാനം സ്വീകരിച്ച അഗസ്റ്റിൻ, മനിക്കേയൻ സിദ്ധാന്തത്തിന്റെയും നിയോ പ്ലേറ്റോണിസത്തിന്റെയും സ്വാധീനത്താൽ ലൗകികനായി ജീവിച്ചിരുന്ന അവസ്ഥയെ ഉപേക്ഷിച്ച് മാനസാന്തരത്തിലേയ്ക്ക് കടന്നുവന്ന് വിശുദ്ധനായും വേദപാരംഗതനായും മാറുന്നു. ഇതുപോലെ മാമ്മോദീസായിലൂടെ വിശുദ്ധ ജീവിതത്തിലേയ്ക്ക് കടന്നുവരുവാൻ ഈ വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ വചനഭാഗത്തെപ്പറ്റി ബനഡിക്ട് 16-ാമൻ പാപ്പ 'നസ്രത്തിലെ യേശു' എന്ന ഗ്രന്ഥത്തിൽ പറഞ്ഞുവയ്ക്കുക ഇപ്രകാരമാണ്: ''മനുഷ്യവർഗ്ഗത്തിന്റെ കുറ്റത്തിന്റെ മാറാപ്പ് മുഴുവൻ തന്റെ ചുമലിൽ അവൻ എടുത്തുവച്ചു.'' ജോർദ്ദാന്റെ ആഴങ്ങളിലേയ്ക്ക് കാലെടുത്തുവച്ച് അവൻ തന്റെ പരസ്യജീവിതം ആരംഭിച്ചു. മനുഷ്യകുലത്തിന്റെ പാപത്തിനുവേണ്ടി മരിക്കുവാനുള്ള സന്നദ്ധതയാണ് മാമ്മോദീസാ (Vol-1 PP 115-116). ദൈവപുത്രൻ എന്ന നിലയിൽ ഈശോയ്ക്ക് സ്നാനം സ്വീകരിക്കേണ്ട കാര്യം ഇല്ലായിരുന്നു. എങ്കിലും മനുഷ്യരോടുള്ള സ്നേഹത്തെപ്രതി നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി പിതാവിന്റെ പദ്ധതിയോട് ചേർന്ന് നമ്മോട് താദാത്മ്യപ്പെടുവാനായി ഈശോ സ്നാപകനിൽ നിന്നും ജലം കൊണ്ടുള്ള സ്നാനം സ്വീകരിച്ചു.

ജലം കൊണ്ടുള്ള സ്നാനത്തിന് മാനവകുലത്തോളം തന്നെ പഴക്കമുണ്ട്. പഴയനിയമത്തിലെ പല ശുദ്ധീകരണങ്ങളും ജലം കൊണ്ടുള്ള ക്ഷാളനമായിരുന്നു. സമാഗമ കൂടാരത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് പുരോഹിതൻ നടത്തിയിരുന്ന ശുദ്ധീകരണം, അഭിഷേകത്തിന്റെ ഭാഗമായ ശുദ്ധീകരണം അങ്ങനെ പല ശുദ്ധീകരണങ്ങളും ഉണ്ടായിരുന്നു. പുതിയനിയമത്തിലും അതിന്റെ അംശങ്ങൾ കാണാൻ കഴിയും. ശുദ്ധിയെപ്പറ്റിയുള്ള തർക്കവും എല്ലാം പുതിയനിയമത്തിൽ പരാമർശിക്കുന്നു. എന്നാൽ, യോഹന്നാന്റെ ശുദ്ധീകരണത്തിനുള്ള ആഹ്വാനം ഇതിൽ നിന്നും വ്യത്യസ്തമാണ്. യഹൂദരുടെ പാരമ്പര്യത്തെപ്പോലെ കേവലം ബാഹ്യമായ അനുഷ്ഠാനമായിരുന്നില്ല അത്. മറിച്ച്, അത് ഹൃദയത്തിന്റെ ക്ഷാളനമായിരുന്നു. സ്നാനപ്പെടുന്നവർ മാനസാന്തരപ്പെടണം എന്ന നിർബന്ധം സ്നാപകനുണ്ടായിരുന്നു. യോഹന്നാൻ നൽകിയത് പാപമോചനത്തിന് ഒരുക്കമായുള്ള അനുതാപത്തിന്റെ സ്നാനമായിരുന്നു. യേശു നൽകാൻ പോകുന്ന പാപമോചനത്തിന്റെ സ്നാനത്തിന് ജനത്തെ ഒരുക്കുകയായിരുന്നു സ്നാപകന്റെ ദൗത്യം. ഈശോ തന്റെ കുരിശിലെ ബലി വഴി നേടാനിരുന്ന രക്ഷയിലേയ്ക്ക് ക്ഷണിക്കുകയാണ് സ്നാപകൻ ഇവിടെ.

ദനഹാക്കാലത്തിലെ അവസാന ഞായറാഴ്ച ഈശോയുടെ ജ്ഞാനസ്നാനത്തെ ധ്യാനിക്കാൻ സഭ നമ്മോട് പറയുമ്പോൾ നാം നമ്മുടെ മാമ്മോദീസായെയും ജീവിതത്തെയും വിലയിരുത്തണം. വെളിപാട് ഗ്രന്ഥത്തിൽ യോഹന്നാൻ, ലവൊദീക്യായിലെ സഭയ്ക്ക് എഴുതുന്ന കത്തിൽ അവരോട് പറയുന്നത്: ''നീ ചൂടോ തണുപ്പോ ഉള്ളവനല്ല. ചൂടോ തണുപ്പോ ഉള്ളവനായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. ചൂടോ തണുപ്പോ ഇല്ലാത്ത മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽ നിന്ന് തുപ്പിക്കളയും'' (വെളി. 3:15-16).

മാമ്മോദീസായുടെ ഫലങ്ങൾ ജീവിതത്തിലേയ്ക്ക് സ്വീകരിക്കുന്നതിനോടൊപ്പം സ്നാപകനെപ്പോലെ അതിന് സാക്ഷ്യം വഹിക്കാനും ഓരോ ക്രൈസ്തവനും കടമയുണ്ട്. മറ്റുള്ളവരെ ഈ അനുഭവത്തിലേയ്ക്ക് നടത്താൻ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന നമ്മൾ അതിനനുസരിച്ചുള്ള ജീവിതം നയിക്കാനും കടപ്പെട്ടിരിക്കുന്നു. അല്ലാതെ വരുമ്പോഴാണ് വെളിപാട് ഗ്രന്ഥത്തിൽ സൂചിപ്പിച്ച ആ അപകടം നമ്മുടെ ജീവിതത്തിലേയ്ക്കും കടന്നുവരിക. മാമ്മോദീസായിലൂടെ മിശിഹായുടെ മരണത്തിൽ പങ്കുചേർന്ന് നാം അവിടുത്തെ ശരീരത്തിലെ അവയവങ്ങളായിത്തീരുന്നു. ഒരു അവയവത്തിനുണ്ടാകുന്ന ക്ഷതം ശരീരം മുഴുവനെയും അസ്വസ്ഥമാക്കുന്നു. മുറിവുണക്കുന്ന തൈലമായ വി. കുർബാനയിൽ പങ്കുചേരുമ്പോൾ നമുക്ക് പ്രാർത്ഥിക്കാം.

കർത്താവേ, മാമ്മോദീസായിലൂടെ സഭയിലും അങ്ങയിലും അംഗങ്ങളായിത്തീർന്ന ഞങ്ങളെ മാമ്മോദീസായുടെ ഫലങ്ങളായ അനുതാപത്തിലേയ്ക്കും പാപമോചനത്തിലേയ്ക്കും നയിക്കണമെ. വിശുദ്ധിയിൽ വളരുവാനും നിലനിൽക്കുവാനും അങ്ങയിൽ ആശ്രയിച്ച് ജീവിതം നയിക്കുവാനും ഞങ്ങളെ സഹായിക്കണമെ. ജീവിതത്തിൽ കയ്പ്പേറിയ മാറാ അനുഭവങ്ങൾ ഉണ്ടാകുമ്പോൾ അങ്ങേയ്ക്കെതിരായി തിരിയാതെ അതിലെ ദൈവികപദ്ധതിയെ കണ്ടെത്തുവാനും കുരിശിൽ ആശ്രയിക്കുവാനും ഞങ്ങളെ പഠിപ്പിക്കേണമെ.

ആമ്മേൻ.